# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 1856 | 11.02.2013 -ൽ മറുപടിയ്ക്ക് |
|---|---|

## സംയോജിത ശിശു സംരക്ഷണ പരിപാടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. പി . തിലോത്തമൻ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ | | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | കുട്ടികളുടെ സംരക്ഷണത്തിനായി കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച, സംയോജിത ശിശു സംരക്ഷണ പരിപാടി (ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീം) സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ, എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) | ടി പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. ഇതിനായി, ബന്ധപ്പെട്ട ചില കമ്മിറ്റികൾ രൂപീകരിക്കുകയും ഐ.സി.പി.എസ് വിഭാവനം ചെയ്തിട്ടുളള വിവിധ തലത്തിലുളള ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റ് അനുവദിച്ച സഹായം നഷ്ടമായിട്ടുണ്ടോ; ഉണ്ടെങ്കിൽ, എത്ര; | (ബി) | ഉണ്ട്. സംയോജിത ശിശു സംരക്ഷണ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് അനുവദിച്ച തുകയിൽ 2009 -10 സാമ്പത്തിക വർഷം 13.76 ലക്ഷം രൂപയും, 2010-11 സാമ്പത്തിക വർഷം 162.55 ലക്ഷം രൂപയും ഉപയുക്തമാക്കാൻ കഴിഞ്ഞിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതിക്കായുള്ള സംസ്ഥാന വിഹിതം എത്ര ആയിരുന്നു; ഈ തുക സംസ്ഥാന ഗവൺമെന്റ് അനുവദിച്ചിട്ടുണ്ടോ; സംസ്ഥാന വിഹിതം അനുവദിക്കാത്തതു കൊണ്ടാണ് കേന്ദ്ര വിഹിതം നഷ്ടമായതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | 2009-2010 ലെ സംസ്ഥാന വിഹിതമായ 55,85,000 രൂപയും, 2010-2011 ലെ 5,39,84,271 രൂപയും, 2011-2012ൽ അനുവദിച്ച 5,65,00,830 രൂപയും ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതം അനുവദിക്കാത്തതു കൊണ്ട് കേന്ദ്രവിഹിതം നഷ്ടമായിട്ടില്ല. |

സെക്ഷൻ ഓഫീസർ.